പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 98

13 /12/2012 - ൽ മറുപടിക്ക്

## ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം

ചോദ്യം

ശ്രീ. ഇ.കെ.വിജയൻ
ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീ;ജി.എസ്.ജയലാൽ
ശ്രീ.വി.ശശി

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്.
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ റേഷൻ കടകൾ വഴി വിറ്റഴിക്കുന്ന സാധനങ്ങളുടെ ഇപ്പോഴത്തെ വിലയും വർദ്ധിപ്പിക്കാനുദ്ദേശിക്കുന്ന വിലയും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(എ) ഇല്ല.
റേഷൻകടകൾ വഴി വിറ്റഴിക്കുന്ന സാധനങ്ങളുടെ നിലവിലെ വില വിവരം ചുവടെ ചേർക്കുന്നു.

| Sl. No. | Item | Selling Rate/Kg |
|---|---|---|
| 1 | APL-Rice-Non-subsidized | 8.90 |
| 2 | APL-Rice-subsidized | 2.00 |
| 3 | APL-Wheat- Non-subsidized | 6.70 |
| 4 | APL-Wheat- subsidized | 2.00 |
| 5 | BPL-Rice | 1.00 |
| 6 | BPL-Wheat | 2.00 |
| 7 | AAY-Rice | 1.00 |
| 8 | Annapurna - Rice | Free |
| 9 | Onam Special Rice | 19.50 |
| 10 | Onam Special Wheat | 17.00 |
| 11 | Levy Sugar | 13.50 |
| 12 | Kerosene | 15.50-16.00 |

ബി) റേഷൻ കടകളിലൂടെ ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം എന്നു മുതലാണ് ആരംഭിക്കുന്നത്; വെളിപ്പെടുത്തുമോ;

(ബി) ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം നിരക്കിൽ സംസ്ഥാനത്തിന് അനുവദിച്ച അരിയും ഗോതമ്പും ഏറ്റെടുത്തു വിതരണം നടത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

സി) ഏതെല്ലാം ഇനം സാധനങ്ങളാണ് ഈ സ്കീമിലൂടെ വിറ്റഴിക്കുവാനുദ്ദേശിക്കുന്നത്; ഇതിലൂടെയുള്ള സാധനങ്ങളുടെ വില വിവരം ഓരോന്നിനും എത്ര വീതമാണെന്ന് വിശദമാക്കാമോ;

(സി) അരി - കിലോഗ്രാമിന് - 19.50 രൂപ
ഗോതമ്പ് - കിലോഗ്രാമിന് - 17.00 രൂപ

| | | | |
|---|---|---|---|
| ഡി) | ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം അനുസരിച്ച് വിറ്റഴിക്കാൻ ഉദ്ദേശിക്കുന്ന സാധനങ്ങളുടെ വില കുറയ്ക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ? | (ഡി) | ഉണ്ട്; വില കുറയ്ക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു എങ്കിലും അനുമതി ലഭിച്ചില്ല. |

സെക്ഷൻ ഓഫീസർ